പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1583 — 04.12.2018 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ ഒന്നാംവിള നെല്ല് സംഭരണം വൈകിയതു കാരണം കർഷകരുടെ കൊയ്തെടുത്ത നെല്ല് സൂക്ഷിക്കാൻ പറ്റാതെ കുറഞ്ഞ വിലയ്ക്ക് ഓപ്പൺ മാർക്കറ്റിൽ വിൽക്കേണ്ടി വന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പാലക്കാട് ജില്ലയിലെ 2018-ലെ ഒന്നാംവിള നെല്ല് സംഭരണത്തിനായി ഈ സർക്കാർ എടുത്തിട്ടുള്ള തീരുമാനങ്ങളുടെയും ഉത്തരവുകളുടെയും വിശദാംശങ്ങൾ തീയതി സഹിതം അറിയിക്കാമോ? | (ബി) | നെല്ല് സംഭരണ പ്രക്രിയയിൽ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്ന പി.ആർ.എസ് (പാഡി റസീപ്റ്റ് ഷീറ്റ്) ലോൺ പദ്ധതിയിൽ പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി സ.ഉ (സാധാ) നം.126/18/ഭ.സി.സ.വ. തീയതി 14.03.2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പാലക്കാട് ജില്ലയിലെ കഴിഞ്ഞ മൂന്നു വർഷത്തെ ഒന്നാംവിള നെല്ല് സംഭരണ കണക്ക് അറിയിക്കാമോ? | (സി) | പാലക്കാട് ജില്ലയിലെ കഴിഞ്ഞ മൂന്ന് വർഷത്തെ ഒന്നാംവിള നെല്ല് സംഭരണത്തിന്റെ കണക്ക് താഴെ ചേർക്കുന്നു. |

| സീസൺ | സംഭരിച്ച നെല്ലിന്റെ അളവ് (കി.ഗ്രാം) |
|---|---|
| 2015-16 ഒന്നാംവിള | 23092264 |
| 2016-17 ഒന്നാംവിള | 103527608 |
| 2017-18 ഒന്നാംവിള | 58933984 |

സെക്ഷൻ ഓഫീസർ